| | |
|---|---|
| Mavelikara | 3 |
| Muvattupuzha | 23 |
| Ernakulam | 11 |
| Trichur | 60 |
| | 188 |

(c) Promotions from Primary to Middle schools are being made on a District-war seniority basis.

(d) The scale of pay of Primary & Middle school teachers is the same *i. e.*, Rs. 35-80, but Middle school teachers are allowed to start on Rs. 40. Senior hands refuse to be transferred to places where vacancies arise on the score that it is not worth the while to go to schools far away from their native places. In such circumstances senior hands are allowed to continue in service in Primary schools.

(e) Promotion of Primary school teachers to Middle schools are usually ordered by the District Educational Officers within their jurisdiction taking into account District-war seniority mainly to give convenient postings as far as possible. Government do not consider it necessary to alter the present arrangement.

## ലാൻഡ് മാർട്ട്ഗേജ് ബാങ്കുകൾ.

* 929. [80] ശ്രീ. പി. കെ. ചാത്തൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു് ലാൻഡ്മാർട്ട്ഗേജ് ബാങ്കുവഴി 1954-55 വർഷത്തിൽ എന്തു തുക കടമായി അനുവദിച്ചുവെന്നും എന്തു തുക കൊടുത്തുവെന്നും പറയുമോ ;

(ബി) 1954-55 വർഷത്തിൽ കടമായി അനുവദിച്ച തുക ഇനി കൊല്ലത്തേയ്ക്കു കൊടുക്കാതെ എത്രയുണ്ടു് ;

(സി) 1955-56 വർഷത്തിൽ നാളിതുവരെ എത്ര അപേക്ഷകൾ അനുവദിച്ചിട്ടുണ്ടു് ;

(ഡി) കടം വായ്പകൾ അനുവദിച്ചാലും സംഖ്യ കൊടുക്കാൻ കാലതാമസം വരുന്നതു് എന്തുകൊണ്ടാണു് ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) തൃശ്ശൂർ ലാൻഡ്മാർട്ട്ഗേജ്ബാങ്കിൽനിന്നു് 1954-55-ൽ 7,37,945 രൂപ കടമായി അനുവദിക്കുകയും 6,39,982 രൂപ കൊടുക്കുകയും ചെയ്തിട്ടുണ്ടു്. കടം കൊടുത്ത സംഖ്യയിൽ മുൻകൊല്ലങ്ങളിൽ അനുവദിച്ച തുകകളും ഉൾപ്പെട്ടും.

(ബി) 1954-55 വർഷത്തിൽ അനുവദിച്ച തുകയിൽ ഇനി കൊല്ലത്തേയ്ക്കു് 1,62,510 രൂപ കൊടുക്കാതെ ബാക്കിയുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 1955-56-ൽ നാളിതുവരെ 51 അപേക്ഷകൾ അനുവദിച്ചിട്ടുണ്ട്. അനുവദിച്ച തുക 1,26,300 രൂപയാണ്.

(ഡി) ഉടൻവായ്പ അനുവദിച്ചാൽ ബാങ്കിലേയ്ക്കുള്ള പണയാധാരം എഴുതി രജിസ്റ്ററാക്കി വാങ്ങിക്കുന്നതും പണം ഉടൻതന്നെ കൊടുക്കുന്നതുമാണ് സാധാരണ പതിവ്. എന്നാൽ ബാങ്കിലേയ്ക്കു ഗവണ്മെൻറിൽ നിന്നും അനുവദിച്ചിട്ടുള്ള ഓവർഡ്രാഫ്റ്റ് സംഖ്യ തീർന്നുപോയതിനാലും ഡിബഞ്ചർ കടം എടുക്കുന്നതിനു ചില സാങ്കേതികനടപടിക്രമങ്ങളാൽ കാലതാമസം നേരിട്ടതിനാലും അനുവദിച്ച കടം കൊടുക്കുന്നതു് തൽക്കാലം നിറുത്തിവച്ചിരിക്കുകയായിരുന്നു. അടുത്ത അവസരത്തിൽ ഒരു ലക്ഷം രൂപകൂടി ബാങ്കിനു ഓവർഡ്രാഫ്റ്റ് അനുവദിച്ചിട്ടുണ്ട്.

## STARRED QUESTIONS POSTED FOR ANSWER ON 19-10-1955.

### ഹരിജനവിദ്യാർത്ഥികളുടെ പ്രാരംഭഫീസ്.

* 930. [42] ശ്രീ. പി. കെ. ചാത്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജുകളിലേയ്ക്ക് പ്രവേശനാർത്ഥം വരുന്ന ഹരിജൻവിദ്യാർത്ഥികൾക്കു പ്രാരംഭഫീസ് തൊക്കമായി കെട്ടിവയ്ക്കേണ്ടതില്ലെന്നു ഗവണ്മെൻറിൽനിന്നും കല്പനയുണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ കല്പന പാസ്സാക്കിയതു് എന്നാണ്;

(സി) ഇക്കൊല്ലവും കോളേജുകളിൽ ഈ ഫീസ് ഹരിജൻവിദ്യാർത്ഥികളിൽനിന്നും വാങ്ങുകയുണ്ടായിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഏതെല്ലാം കോളേജുകളിൽ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) കോളേജുകളിൽ പ്രവേശനാർത്ഥം വരുന്ന ഹരിജൻവിദ്യാർത്ഥികൾക്ക പ്രാരംഭഫീസ് തൊക്കമായി കെട്ടിവയ്ക്കേണ്ടതില്ലെന്നു ഗവണ്മെൻറ് കല്പന പാസ്സാക്കിയിട്ടുണ്ട്.

(ബി) ഈ കല്പന പാസ്സാക്കിയതു് 1-6-1950-ലാണ്. സ്കൂളുകളിലും കോളേജുകളിലും പിന്നാക്കസമുദായവിദ്യാർത്ഥികളിൽ നിന്നു പ്രവേശനഫീസ് ഇടാക്കരുതെന്നു കാണിച്ചു് 6-6-1955-ൽ ഒരു പ്രസ്സ് നോട്ടം പുറപ്പെടുവിച്ചിട്ടുണ്ട്.

(സി-ഡി) ഇതേപ്പറ്റി അന്വേഷിച്ചുവരുന്നു.

### പോലീസ്മർദ്ദനം.

* 931. [46] ശ്രീ. പി. രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം കടയ്ക്കൽബസ്സിലെ ചെക്കറായ ശ്രീ. ഗോവിന്ദപ്പിള്ളയെ 28-9-1955-ൽ കൊല്ലം ടൗൺപോലീസ് സബ്ഇൻസ്പെക്ടർ ശ്രീ. കരുണാകരക്കുറുപ്പ് ബസ്സിൽനിന്നും പിടിച്ചിറക്കി സ്റ്റേഷനിൽകൊണ്ടുപോയി മർദ്ദിച്ചതായി ഗവണ്മെൻറിനു് പരാതി കിട്ടിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly